പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത</u>
ചോദ്യം നമ്പർ: 1557 | 03-10-2011-ൽ മറുപടിയ്ക്ക്

**<u>മുട്ടത്ത്മണ്ണേൽ ഫിഷ് ലാൻറിംഗ് സെൻററിൻെറ നിർമ്മാണം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. സി.കെ.സദാശിവൻ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) കായംകുളം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച് ലാൻറ് അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ച മുട്ടത്ത്മണ്ണേൽ ഫിഷ്ലാൻറിംഗ് സെൻററിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഫിഷ്ലാൻറിംഗ് സെൻററിൻെറ നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | ബി) സ്വീകരിച്ചിട്ടുണ്ട്. നബാർഡ് RIDF XV -ൽ ഉൾപ്പെടുത്തി മുട്ടത്തുമണ്ണേൽ ഫിഷ് ലാൻറിംഗ് സെൻററിൻെറ നിർമ്മാണത്തിനായി 60 ലക്ഷം രൂപയുടെ ഭരണാനുമതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് റീട്ടെയിനിംഗ് വാൾ നിർമ്മാണം അപ്രോച്ച് റോഡ്, യാഡ് ലെവലിംഗ്, ലേലപ്പുര നിർമ്മാണം, ഓഫീസ് കെട്ടിടം, ടോയ്ലറ്റ് ബ്ലോക്ക്, ഡ്രെയിൻ നിർമ്മാണം എന്നിവയ്ക്ക് സാങ്കേതിക അനുമതി നൽകി ദർഘാസ് ക്ഷണിച്ചിട്ടുമുണ്ട്. ഫിഷ് ലാൻറിംഗ് സെൻററിൻെറ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് 2010 ഷെഡ്യൂൾ നിരക്ക് അനുസരിച്ച് പുതുക്കി 76.05 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് 16.02.2011-ൽ സമർപ്പിച്ചിട്ടുള്ള ശുപാർശ ധനകാര്യവകുപ്പിൽ നിന്നും അംഗീകാരത്തിനായി നബാർഡിലേക്ക് നൽകിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏർപ്പാടാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ